## സ്വാമി ശരണം

## തിരുവിതാംകൂർ ദേവസ്വം ബോർഡ്

എക്സിക്യൂട്ടീവ് എഞ്ചിനീയർ ആഫീസ്,
എസ്റ്റേറ്റ് വകുപ്പ്,
തിരുവനന്തപുരം-1, 0471-2337790

# ലേലപരസ്യം

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ കൊട്ടാരക്കര ഗ്രൂപ്പിലെ കോട്ടാത്തല ദേവസ്വത്തിലെ 7 മൂട് ഉണങ്ങിയ തേക്ക് മരവും 1 മൂട് പച്ച തേക്ക് മരവും (ബോർഡ് ആർ.ഒ.സി. നമ്പർ 9275/21/എം, തീയതി 26/10/2021 ഉത്തരവ് പ്രകാരം) കൊട്ടാരക്കര അസിസ്റ്റന്റ് കമ്മീഷണർ ആഫീസിൽ വച്ച് 30 11 /2021 ഉച്ചയ്ക്ക് 11 മണിക്ക് പരസ്യമായി ലേലം ചെയ്തു വിൽക്കുന്നതാണ്. പ്രസ്തുത ലേലത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ അന്നേദിവസം ലേല സമയത്തിന് മുമ്പ് 5,000/-രൂപ നിരതദ്രവ്യം ഹാജരാക്കേണ്ടതാണ്. ഏറ്റവും കൂടുതൽ തുകയ്ക്ക് വിളി കേൾക്കുന്ന/ക്വട്ടേഷൻ നൽകുന്ന ആളിന്റെ പേരിൽ ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തുന്നതും ആ വ്യക്തി അപ്പോൾ തന്നെ വിളിച്ച തുകയുടെ 50% കെട്ടിവയ്ക്കേണ്ടതുമാണ്. ദേവസ്വം ബോർഡിന്റെ അനുവാദം വരുന്ന മുറയ്ക്ക് ബാക്കി തുക ഉടൻതന്നെ കെട്ടിവച്ച് ഡിപ്പാർട്ട്മെന്റ് വ്യവസ്ഥകൾക്ക് വിധേയമായി 5 ദിവസത്തിനകം മരങ്ങൾ വെട്ടിയെടുത്ത് നീക്കംചെയ്യേണ്ടതുമാണ്. ആയതിന് വിരുദ്ധമായി പ്രവർത്തിക്കുന്നപക്ഷം കെട്ടിവച്ച തുക ഡിപ്പാർട്ട്മെന്റിൽ മുതൽകൂട്ടി തുടർനടപടികൾ എടുക്കുന്നതായിരിക്കും. ലേലം വിളിക്കുന്ന/ക്വട്ടേഷൻ നൽകുന്ന തുകയോടൊപ്പം വാണിജ്യ നികുതി വകുപ്പിൽ അടയ്ക്കേണ്ടതായ 18%(ജി.എസ്.റ്റി) നികുതിയും, ഫോറസ്റ്റ് ഡവലപ്മെന്റ് ടാക്സ് ആയി ആകെ തുകയുടെ 5% നൽകി ദേവസ്വം ബോർഡിൽ നിന്നുതന്നെ രസീത് വാങ്ങേണ്ടതുമാണ്. ലേലം സ്ഥിരപ്പെടുത്തുന്നതിനും, യാതൊരു കാരണവും കൂടാതെ നിരസിക്കുന്നതിനും, മാറ്റിവയ്ക്കുന്നതിനും ഉള്ള പരിപൂർണ്ണ സ്വാതന്ത്ര്യം ഡിപ്പാർട്ട്മെന്റിൽ നിക്ഷിപ്തമായിരിക്കും. ലേല ദിവസം ഏതെങ്കിലും കാരണവശാൽ അവധി ആയാൽ തൊട്ടടുത്ത പ്രവർത്തി ദിവസം ഇതേ സമയത്ത് ലേല നടപടികൾ നടത്തുന്നതായിരിക്കും.തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിലവിലുള്ള മറ്റെല്ലാ ലേല വ്യവസ്ഥകളും ഈ ലേലത്തിലും ബാധകമായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് ഈ ആഫീസുമായോ, കൊട്ടാരക്കര അസിസ്റ്റന്റ് കമ്മീഷണർ ആഫീസുമായോ ബന്ധപ്പെടാവുന്നതാണ്.

തിരുവനന്തപുരം
19 /11/2021

എക്സിക്യൂട്ടീവ് എഞ്ചിനീയർ
എസ്റ്റേറ്റ് വകുപ്പ്